## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1077**

**12.07.2016 - ൽ**
**മറുപടിക്ക്**

### നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം

| **ചോദ്യം**<br>**ശ്രീ.കെ.ബാബു** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പ്രവർത്തനമെന്താണെന്ന് വിശദമാക്കാമോ; | എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം 1943-ൽ പ്രവർത്തനം ആരംഭിച്ചു. ആകെയുള്ള 339.1185 ഹെക്ടർ വിസ്തീർണ്ണത്തിൽ 145.25 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാണ്. കാപ്പി, ഓറഞ്ച്, നാരകം, പാഷൻ ഫ്രൂട്ട്, പേര മുതലായ ഫല വർഗ്ഗങ്ങളും, ആന്തൂറിയം അടക്കമുള്ള പൂച്ചെടികളും, ചീര, വഴുതിന, വെണ്ട, തക്കാളി, ക്വാളി ഫ്ലവർ, കാബേജ്, ബ്രോക്കോളി, കാരറ്റ്, കാപ്സിക്കം എന്നീ പച്ചക്കറികളും കൃഷി ചെയ്തു വരുന്നു.<br><br>ഫാമിന്റെ പ്രധാന പ്രവർത്തനം വിവിധ തരം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും സംസ്കരണവും വിപണനവുമാണ്. വിവിധ തരം ജാം, ജെല്ലി, സ്ക്വാഷ് എന്നിവയും വിവിധ അച്ചാറുകളും ഉൽപ്പാദിപ്പിച്ച് വിൽപന നടത്തുന്നു. |
| ബി) ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വിപുലമായ തോതിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ ? | ബി) നിലവിൽ 5 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്തു വരുന്നു. ശീതകാല പച്ചക്കറികളായ കാരറ്റ്, റാഡിഷ്, ടർണിപ്പ്, ബ്രോക്കോളി, ബീൻസ്, കാബേജ്, ക്വാളിഫ്ലവർ, മല്ലിയില എന്നിവയും, വെണ്ട, ചീര വഴുതിന, പയർ തുടങ്ങിയവും കൃഷി ചെയ്ത് വിപണന കേന്ദ്രം വഴി പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തുന്നു. വന്യമൃഗങ്ങളുടെ ശല്യം ഇത്തരം കൃഷികളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ നിലവിൽ സംരക്ഷണ വേലിയുള്ള സ്ഥലങ്ങളിൽ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതുമാണ്. ഓറഞ്ചുൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ ഉത്പാദനവും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യാപനവും നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**